# 'കഷ്ടത എന്ന വരം'

## ഫിലിപ്പിയർ 1:29

''ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നല്കിയിരിക്കുന്നു.''

പൗലോസ് അപ്പൊസ്തലൻ വിവിധമായ കഷ്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ, കാണുന്ന തിനായിട്ടല്ല കാണാത്ത നിത്യതക്കു വേണ്ടി ഒരുങ്ങുവാൻ സഭയോട് പറയുകയാണ്. വിവിധമായ പോരാട്ടങ്ങൾ, പരിഹാസം, പട്ടിണി, ദാരിദ്ര്യം, തടവ് ഇതിലൂടെയെല്ലാം കടന്നു പോകുമ്പോഴും താൻ സഭയെ ആശ്വസിപ്പിക്കുന്നതായി കാണുന്നു.

നമ്മുടെ കർത്താവ് അനവധി കഷ്ടാനുഭവങ്ങളിലൂടെ കടന്നുപോയത് നമുക്കെല്ലാവർക്കും അറിയാം. നാമും നമ്മുടെ ജീവിതത്തിലെ ക്രൂശുമേന്തി കർത്താവിനെ പിൻചെല്ലാം. 'കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയായി' ദൈവം നമ്മോടു കൂടെയുണ്ട് എന്നുള്ള വാഗ്ദത്തം മുറുകെപ്പിടിക്കാം. കർത്താവ് പറഞ്ഞിരിക്കുന്നു, 'ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരി ക്കുന്നു'. നമ്മുടെ കർത്താവ് ജയിച്ചവനാകയാൽ നാമും ജയാളികളാണ്. അതുകൊണ്ട് നമുക്ക് കഷ്ടങ്ങളിലും പ്രശംസിക്കാം, മറ്റുള്ളവരെ ആശ്വസിപ്പിക്കാം. കഷ്ടങ്ങളിലും ദൈവത്തിന് ഹൃദയം നിറഞ്ഞ് സ്തോത്രം ചെയ്യുന്നവരായിത്തീരാം. നമ്മെ രക്ഷിക്കാൻ കഷ്ടാനുഭവങ്ങളിലൂടെ കടന്നു പോയ ആ നല്ല നാഥനെ ധ്യാനിക്കാം.

പരാമർശം :

റോമർ 5:3–4

കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 002